I ഇ.ബി. XIV - കേരള നിയമസഭ /VII-4

**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

<u>2017 ആഗസ്റ്റ് 10, വ്യാഴം</u>

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയം**

<u>പകർച്ചപ്പനി</u>

<u>മി. സ്പീക്കർ</u>: സംസ്ഥാനത്ത് ഷിഗെല്ലാ ബാക്ടീരിയ ബാധയും കോളറയും വ്യാപകമാകുകയും അഞ്ഞൂറിലധികം ആളുകൾ മരിക്കുകയും പതിനായിരത്തിലധികം ആളുകൾക്ക് എച്ച്1 എൻ1 ബാധിക്കുകയും ചെയ്ത സാഹചര്യത്തിൽ ആവശ്യമായ മുന്നൊരുക്കങ്ങളും രോഗപ്രതിരോധ

പ്രവർത്തനങ്ങളുടെ ഏകോപനവും നടത്താൻ കഴിയാത്തതുമൂലം ആതുര സേവനരംഗം നേരിടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആരോഗ്യ വകുപ്പ് നടത്തിയ തുടർച്ചയായ രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഫലമായി പകർച്ചപ്പനി നിയന്ത്രണ വിധേയമായിട്ടുണ്ട്. സംസ്ഥാനത്ത് ഷിഗെല്ലാ ബാക്ടീരിയ ബാധിച്ച 16 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോളറ ബാധിച്ച നാല് ഇതര സംസ്ഥാനക്കാരിൽ ഒരാൾ മരണപ്പെടുകയും ബാക്കിയുള്ളവർ സുഖം പ്രാപിച്ചുവരികയുമാണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിൽ കൃത്യമായ പരിശോധന നടത്തി ശുചിത്വമില്ലാത്തവയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. മെഡിക്കൽ ക്യാമ്പും ശുചീകരണ പ്രവർത്തനങ്ങളും നടത്തി കോളറ ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ വ്യാപകമാകാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അപകടത്തിൽപ്പെട്ട തമിഴ്നാട് സ്വദേശി മുരുകന് പ്രാഥമിക ചികിത്സ നിഷേധിച്ച ആശുപത്രികൾക്കെതിരെ കൊട്ടിയം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത്

അന്വേഷണം നടത്തുന്നതിനോടൊപ്പം വകുപ്പുതല അന്വേഷണവും നടത്തിവരികയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സംസ്ഥാനത്ത് ജനുവരി മുതൽ 14 ലക്ഷത്തോളം പേർ പനിക്കും അനുബന്ധ രോഗങ്ങൾക്കുമായി ചികിത്സ തേടിയതായും ഡെങ്കിപ്പനി ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ളത് തിരുവനന്തപുരം ജില്ലയിലാണെന്നുമാണ് ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ട്. പകർച്ചപ്പനി നിയന്ത്രിക്കുന്നതിന് ആരോഗ്യ വകുപ്പ് കാര്യക്ഷമമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. അപ്രത്യക്ഷമായ പല സാംക്രമിക രോഗങ്ങളും സംസ്ഥാനത്ത് വീണ്ടും പ്രത്യക്ഷപ്പെട്ട് തുടങ്ങിയിരിക്കുന്നു. ഡെങ്കിപ്പനി, കോളറ എന്നീ രോഗങ്ങൾക്കാവശ്യമായ മരുന്ന് ലഭ്യമല്ല. സ്വകാര്യ ആശുപത്രികളിലെ പനിമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാത്തതിനാൽ യഥാർത്ഥ കണക്കുകൾ ലഭ്യമല്ല. പനിമരണം രൂക്ഷമായ സമയത്ത് നഴ്സുമാരുടെ സമരം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതും ആരോഗ്യ വകുപ്പിലെ ജീവനക്കാരെ അനവസരത്തിൽ സ്ഥലംമാറ്റിയ നടപടിയും ഖേദകരമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്രവർത്തനക്ഷമമല്ലാത്ത വെന്റിലേറ്ററുകളെ സംബന്ധിച്ച് അന്വേഷണം നടത്തണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സംസ്ഥാനത്താകെ 420 പനിമരണങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ആരോഗ്യ വകുപ്പിന്റെ സമർത്ഥവും കൃത്യനിഷ്ഠയോടുകൂടിയതുമായ പ്രവർത്തനങ്ങളുടെ ഫലമായി പനി നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞു. കാലാവസ്ഥാ വ്യതിയാനംമൂലമാണ് ദക്ഷിണേന്ത്യയിലാകമാനം പകർച്ചപ്പനി പിടിപെട്ടതെന്നാണ് ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട്. സ്വകാര്യ ആശുപത്രികളിലെ കണക്കുകൾകൂടി ശേഖരിച്ചാണ് പനി ബാധിതരുടെയും മരിച്ചവരുടെയും എണ്ണം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. വിവിധ പദ്ധതികളിലൂടെ കേരളത്തിന്റെ അടിസ്ഥാനപരമായ ആരോഗ്യപ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് രോഗപ്രതിരോധത്തിലൂന്നിയുള്ള നടപടികൾക്കാണ് മുൻതൂക്കം കൊടുക്കുന്നത്. പകർച്ചപ്പനി വ്യാപനം തടയുന്നതിന് കൂട്ടായ പരിശ്രമം ആവശ്യമാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ആരോഗ്യരംഗത്ത് പുരോഗതി കൈവരിച്ച കേരളത്തിൽ ആശുപത്രികളുടെ അവഗണനമൂലം മുരുകൻ എന്നയാൾ ചികിത്സ ലഭിക്കാതെ മരണപ്പെട്ടുവെന്നത് നാടിനാകെ അപമാനമുണ്ടാക്കിയ സംഭവമാണ്. ഇക്കാര്യത്തിൽ ആ കുടുംബത്തോട് മാപ്പുപറയാൻ സർക്കാർ തയ്യാറാണ്. ചികിത്സിക്കുന്നതിനുള്ള പണം ലഭിക്കുമോ എന്ന ആശങ്കകൊണ്ട് ആശുപത്രികൾ പ്രവേശനം നിഷേധിച്ചത് ക്രൂരതയാണ്. ഇതുസംബന്ധിച്ച്

പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരു ഉന്നതതല മെഡിക്കൽ സംഘം ഈ സംഭവത്തെപ്പറ്റി അന്വേഷിക്കുന്നതാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്താൻ സർക്കാർ തയ്യാറാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, പി.ജെ. ജോസഫ്, ഡോ. എം.കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തുപോയി. ശ്രീ. ഒ. രാജഗോപാലും പ്രസ്താവന നടത്തിയശേഷം സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം തിരികെ ഹാജരായി.)

## II ശ്രദ്ധക്ഷണിക്കൽ

### (1) കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. രാജൻ: റവന്യൂ ഭൂമിയല്ലാത്തതും സാങ്കേതിക പ്രശ്നങ്ങളാൽ പട്ടയം ലഭിക്കാത്തതുമായ എൻ.ആർ.എഫ്. ഭൂമിയിൽ കൃഷിചെയ്യുന്ന കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽപ്പെടുത്തുന്നതിനോ നാശനഷ്ടങ്ങൾക്ക്

നഷ്ടപരിഹാരം നൽകുന്നതിനോ കാർഷിക സബ്സിഡി അനുവദിക്കുന്നതിനോ സാധിക്കാത്ത സ്ഥിതിവിശേഷമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. വനഭൂമിയെന്ന കാരണത്താൽ ഒല്ലൂർ നിയോജകമണ്ഡലത്തിലെ മാടക്കത്തറ, പാണഞ്ചേരി, പുത്തൂർ, നടത്തറ തുടങ്ങിയ പ്രദേശങ്ങളിലെ എൻ.ആർ.എഫ്. ലാന്റിൽ പാട്ട വ്യവസ്ഥയിൽ കൃഷിചെയ്യുന്ന കർഷകർക്ക് പട്ടയവും കൈവശാവകാശ രേഖയും ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സം നീക്കുന്നതിനും കാർഷിക വികസന ക്ഷേമ വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കണം. കർഷകർക്ക് ആനുകൂല്യം ലഭിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നുള്ള തടസ്സം ഒഴിവാക്കുന്നതിന് ഈ സമ്മേളന കാലയളവിനുള്ളിൽ റവന്യൂ-വനം വകുപ്പുദ്യോഗസ്ഥരുടെ യോഗം വിളിക്കണം. തരിശുരഹിത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സംസ്ഥാനത്തെ തരിശു ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): റവന്യൂ രേഖകൾ ലഭ്യമല്ലെന്ന കാരണത്താൽ ഒല്ലൂർ നിയോജക മണ്ഡലമുൾപ്പെടെയുള്ള പ്രദേശങ്ങളിലെ നോൺ റിവർട്ടബിൾ ഫോറസ്റ്റ് ലാന്റിൽ കൃഷി ചെയ്യുന്ന കർഷകർക്ക് കാർഷിക സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്ത

സ്ഥിതിയാണ്. പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം പ്രധാനപ്പെട്ട കാർഷിക വിളകൾക്ക് കൃഷി നാശം സംഭവിച്ചാൽ നഷ്ടത്തിനാനുപാതികമായി നഷ്ടപരിഹാരം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന ചെറുകിട നാമമാത്ര കർഷകർക്ക് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിനും കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിനും നിബന്ധനകൾക്കും വിധേയമായി പ്രകൃതിക്ഷോഭം, വന്യമൃഗങ്ങളുടെ ആക്രമണം എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സംരക്ഷണവും നഷ്ടപരിഹാരവും ലഭിക്കുന്നതിന് പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നു. റവന്യൂ-വനം വകുപ്പുകളുമായി സംയുക്തയോഗം ചേർന്ന് പട്ടയമോ കൈവശാവകാശ രേഖയോ ഇല്ലാതെ എൻ.ആർ.എഫ്. ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരെ വിള ഇൻഷ്വറൻസ് പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി കൃഷി അനുബന്ധ സഹായങ്ങളും ആനുകൂല്യങ്ങളും ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. നെൽവയലുകൾ തരിശിടുന്ന ഉടമസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഉടമസ്ഥാവകാശമില്ലാത്ത ഭൂമി തിരിച്ചു പിടിക്കുന്നതിനും പ്രത്യേക നിയമങ്ങൾ നിലവിലുണ്ട്. ഉടമസ്ഥരുള്ള തരിശുഭൂമി പിടിച്ചെടുക്കുന്നതിനുപകരം കൃഷിയോഗ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ടി ഭൂമി കർഷക കൂട്ടായ്മകൾക്കോ സന്നദ്ധ സംഘടനകൾക്കോ നൽകുന്നതിന് നിയമ ഭേദഗതി ആവശ്യമാണ്. ഇതിനായി

നിയമസഭാ സമ്മേളന കാലയളവിനുള്ളിൽ തന്നെ റവന്യൂ-വനം വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുന്ന കാര്യം ആലോചിക്കുന്നതാണ്.

(2) സേവനാവകാശ നിയമം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സാമൂഹ്യ നന്മയ്ക്കായി നിർമ്മിക്കപ്പെടുന്ന നിയമങ്ങൾ സമൂഹത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്നില്ലെന്നുള്ളത് വളരെ ഗൗരവത്തോടെ കാണണം. 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം നാളിതുവരെ ഒരുദ്യോഗസ്ഥനെപ്പോലും ശിക്ഷിച്ചിട്ടില്ലെന്നുള്ളത് ഈ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നതിന് തെളിവാണ്. വിവിധ വകുപ്പുകളിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകളിന്മേൽ നടപടി സ്വീകരിക്കണം. സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുതകുന്ന ഭേദഗതികൾ കൊണ്ടുവന്ന് നിയമം ഫലപ്രദമാക്കണം. പ്രസ്തുത നിയമം യഥാവിധി നടപ്പാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സമൂഹത്തിന് സേവനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും അത് പൂർണ്ണതയിലെത്തിക്കുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പാക്കുന്നതിന് ഐ.എം.ജി. ഡയറക്ടറെ

ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ പരാതികളും അപേക്ഷകളും 30 ദിവസത്തിനകം തീർപ്പാക്കുക എന്നതാണ് സർക്കാർ നയം. പ്രസ്തുത നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി വിവിധ കേന്ദ്രങ്ങളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതാണ്.

## III സബ്മിഷൻ

(1) ആദിവാസികളുടെ ആത്മഹത്യ

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കഴിഞ്ഞ അഞ്ച് വർഷങ്ങളായി ഞാറനീലി, പെരിങ്ങമല പ്രദേശങ്ങളിൽ ഏറ്റവും അവസാനം ആത്മഹത്യ ചെയ്ത വീണാ കൃഷ്ണൻ എന്ന വിദ്യാർത്ഥിനി ഉൾപ്പെടെ ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ ആത്മഹത്യയെപ്പറ്റി ആവശ്യമായ പഠനം നടത്തി കാരണം കണ്ടെത്തുന്നതിനും അവർക്കാവശ്യമായ കൗൺസിലിംഗ് നൽകുന്നതിനും പ്രസ്തുത പ്രദേശം വകുപ്പുമന്ത്രി സന്ദർശിക്കുന്നതിനും അടിയന്തര നടപടിയുണ്ടാകണം.

ശ്രീ. ഡി. കെ. മുരളി: ഞാറനീലി, പെരിങ്ങമല പ്രദേശങ്ങളിലെ ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ ആത്മഹത്യാ പ്രവണതയെ സംബന്ധിച്ച് പഠനം

നടത്തുന്നതിനും പാലോട് കേന്ദ്രമാക്കി ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിനും വകുപ്പുമന്ത്രി പ്രസ്തുത സ്ഥലം സന്ദർശിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഞാറനീലി, പെരിങ്ങമല പ്രദേശങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി 33 ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ 26 പേർ പട്ടികവർഗ്ഗ വിഭാഗത്തിലും 7 പേർ പട്ടികജാതിയിലുംപെട്ടവരാണ്. ഏറ്റവുമൊടുവിൽ ആത്മഹത്യ ചെയ്ത വീണാ കൃഷ്ണൻ എന്ന വിദ്യാർത്ഥിനിയെ ആത്മഹത്യയിലേയ്ക്ക് നയിച്ചതിന്റെ കാരണം പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ സ്ഥിരീകരിച്ചിട്ടുണ്ട്. അസ്വാഭാവികമായ ഇത്തരം ആത്മഹത്യകൾ ആവർത്തിക്കാതിരിക്കാനുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്. വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സ്ഥലം സന്ദർശിച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ട വകുപ്പുകൾ സംയുക്ത പഠനം നടത്തുന്നതിനും ഇവരുടെ മാനസികവും ശാരീരികവുമായ ആരോഗ്യ സ്ഥിതിയെ സംബന്ധിച്ച് സർവ്വേ നടത്തുന്നതിനും ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി നടത്തുന്ന വിമുക്തി, ഡീ-അഡിക്ഷൻ ക്യാമ്പയിനുകൾ ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സമീപ പ്രദേശങ്ങളിലും നടത്തുന്നതിനും

പ്രസ്തുത പ്രദേശത്തെ പി.എച്ച്.സി-യിൽ ഒരു ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സമയബന്ധിതമായി ഈ നടപടികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ വകുപ്പുതലത്തിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

(2) തൊണ്ടിമുതലായി പിടിച്ചെടുത്ത വാഹനങ്ങൾ നീക്കം ചെയ്യൽ

ശ്രീ. എ. എൻ. ഷംസീർ : വിവിധ കേസുകളിൽപ്പെട്ട് തൊണ്ടിമുതലായി പിടിച്ചെടുക്കുന്നതും അപകടങ്ങളിൽപ്പെടുന്നതുമായ വാഹനങ്ങൾ പോലീസ് സ്റ്റേഷൻ, താലൂക്ക് ഓഫീസ് പരിസരങ്ങളിൽ തുരുമ്പിച്ച് ഉപയോഗശൂന്യമായിക്കിടന്ന് അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുകയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് താവളമാവുകയും ചെയ്യുന്ന അവസ്ഥയ്ക്ക് പരിഹാരം കാണണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്ത് വിവിധ കുറ്റകൃത്യങ്ങളിലും അബ്കാരി കേസുകളിലുംപെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങളും ഏറ്റെടുക്കാനാളില്ലാതെ ഉപേക്ഷിച്ച നിലയിൽ കാണപ്പെടുന്ന വാഹനങ്ങളും കേസ് തീർപ്പുകൽപ്പിക്കുന്നതുവരെയും ചിലപ്പോൾ അതിനുശേഷവും പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും റോഡ് സൈഡിലും സൂക്ഷിച്ചുവരുന്നുണ്ട്. അത്തരം വാഹനങ്ങൾ പോലീസ് വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റുന്നതിനും പാർക്കിംഗ് യാർഡുകൾ സ്ഥാപിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതും ആയത്

നടപ്പാക്കിവരുന്നതുമാണ്. ഇത്തരത്തിൽ സൂക്ഷിച്ചുവരുന്ന വാഹനങ്ങൾ കാലതാമസമില്ലാതെ ഡിസ്പോസ് ചെയ്യാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം ഫലപ്രദമായി നടപ്പാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായും സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ ബന്ധപ്പെട്ട വകുപ്പുമേധാവികൾ അംഗങ്ങളായുമുള്ള കമ്മിറ്റി രൂപീകരിച്ച് പുരോഗതി വിലയിരുത്തുന്നുണ്ട്. ഇതിന് ശാശ്വത പരിഹാരം കാണുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനുള്ള സാധ്യതയും പരിശോധിക്കുന്നതാണ്.

(3) <u>പ്രതികളുടെ അറസ്റ്റ്</u>

<u>ശ്രീ. കെ. സി. ജോസഫ്</u>: കണ്ണൂർ ജില്ലയിലെ യൂത്ത് കോൺഗ്രസ് നേതാക്കളായ ജിനേഷ്, മുഹമ്മദ് ബ്ലാത്തൂർ എന്നിവരെ മർദ്ദിച്ച കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) : കണ്ണൂർ ജില്ലയിലെ ഇരിക്കൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 3.8.2017-ന് രാത്രിയുണ്ടായ അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് നാല് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. കോൺഗ്രസ് പ്രവർത്തകനായ ജിനേഷിനെ ദേഹോപദ്രവമേൽപ്പിച്ചുവെന്ന പരാതിയിലും കോൺഗ്രസ് പ്രവർത്തകർ പ്രകടനം നടത്തി പ്രകോപനപരമായി മുദ്രാവാക്യം വിളിച്ചതിനും ഗതാഗതതടസ്സം സൃഷ്ടിച്ചതിനും സി.പി.ഐ.(എം.)

പ്രവർത്തകനായ ഷിബിനെയും മുഹമ്മദ് ബ്ലാത്തൂരിനെ ദേഹോപദ്രവം ഏൽപ്പിച്ചതിനും സഞ്ചരിച്ചിരുന്ന കാർ കേടുവരുത്തിയതിനും ഇരിക്കൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ട് കേസുകളിലായി ഏഴ് പ്രതികളെ അറസ്റ്റ് ചെയ്യുകയും മറ്റ് കേസുകളിൽപ്പെട്ട പ്രതികളെ കണ്ടെത്തുന്നതിന് അന്വേഷണം ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. അക്രമങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്ഥലത്തും പരിസരത്തും നിരന്തരമായി പോലീസ് പട്രോളിംഗ് നടത്തിവരികയാണ്.

(4) കൊച്ചി മെട്രോ

ശ്രീ. അൻവർ സാദത്ത് : കൊച്ചി മെട്രോയുടെ യാത്രാ നിരക്ക് കുറയ്ക്കുന്നതിനും വിദ്യാർത്ഥികൾക്ക് ഇളവ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സമഗ്രമായ പഠനം നടത്തിയാണ് കൊച്ചി മെട്രോയുടെ യാത്രാനിരക്കുകൾ തീരുമാനിച്ചിട്ടുള്ളത്. മറ്റു മെട്രോകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ അനുവദിക്കാത്ത സാഹചര്യത്തിൽ കൊച്ചി മെട്രോയിലും സ്പെഷ്യൽ കൺസെഷൻ അനുവദിക്കുന്ന കാര്യം പരിഗണിച്ചിരുന്നില്ല. ത്വരിതഗതിയിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്ന പാലാരിവട്ടം മുതൽ മഹാരാജാസ് കോളേജ് വരെയുള്ള ഭാഗം ഒക്ടോബറിൽ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്നാണ് കരുതുന്നത്. മൂന്നാംഘട്ട പദ്ധതിയുടെ സാധ്യതാപഠനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും രണ്ടാം ഘട്ടത്തിനുള്ള കേന്ദ്രാനുമതി

ലഭ്യമായതിനുശേഷം മാത്രമേ അങ്കമാലി വരെ മെട്രോ സർവ്വീസ് ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കുകയുള്ളൂ.

(5) കടൽഭിത്തി നിർമ്മാണം

ശ്രീ. കെ. കുഞ്ഞിരാമൻ: ഉദുമ ഗ്രാമപഞ്ചായത്തിലെ കാപ്പിൽ-കൊപ്പൽ കടപ്പുറത്ത് രൂക്ഷമായ കടലാക്രമണം തടയുന്നതിന് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ഉദുമ പഞ്ചായത്തിലെ കാപ്പിൽ-കൊപ്പൽ കടപ്പുറത്ത് കടൽഭിത്തി നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിലെ പോരായ്മകൾ പരിഹരിച്ച് പഠനറിപ്പോർട്ടും ഡിസൈനും ലഭ്യമാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. ശാസ്ത്രീയമായും പരിസ്ഥിതിക്ക് ഇണങ്ങുന്ന വിധവും കടലാക്രമണ പ്രതിരോധമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി സർക്കാർ തലത്തിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(6) ഐ & ഇ.എൻ.ടി. ആശുപത്രി

ശ്രീ. ടി. വി. രാജേഷ്: പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിൽ ഐ & ഇ.എൻ.ടി. വിഭാഗത്തിനുവേണ്ടി സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):പരിയാരം ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ശാലക്യതന്ത്ര വിഭാഗത്തിൽ പുതിയ പി.ജി.കോഴ്സ് ആരംഭിക്കുമ്പോൾ കണ്ണ്, ചെവി, മൂക്ക്, തൊണ്ട, ശിരസ് എന്നിവയുടെ പ്രത്യേക ചികിത്സയ്ക്കായി നിലവിലുള്ള സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതാണ്. കണ്ണൂർ ആയുർവേദ കോളേജിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആരംഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള ആശുപത്രിയിൽ ഐ&ഇ.എൻ.ടി. വിഭാഗത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

(7) ലബോറട്ടറികൾ ആരംഭിക്കുന്നത് സംബന്ധിച്ച്

ശ്രീ. മുല്ലക്കര രത്നാകരൻ: ലബോറട്ടറികളിലെ ചാർജ്ജുകൾ ഏകീകരിക്കുന്നതിനും കൃത്യമായ പരിശോധനാഫലം ഉറപ്പുവരുത്തുന്നതിനും സർക്കാർ ആശുപത്രികളിലും പി.എച്ച്.സി.-കളിലും ആധുനിക ലബോറട്ടറി സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സംസ്ഥാനത്തെ കിടത്തി ചികിത്സയുള്ള താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളിൽ നിലവിലുള്ള ലബോറട്ടറി സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെയും ആർദ്രം പദ്ധതിയുടെയും ഭാഗമായി പുതിയ ലാബ് ടെക്നീഷ്യൻ തസ്തിക

സൃഷ്ടിച്ചിട്ടുണ്ട്. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുന്നതാണ്. രണ്ട് പബ്ലിക് ഹെൽത്ത് ലാബുകളുടെയും മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(8) സ്റ്റാഫ് പാറ്റേൺ

ശ്രീ. മഞ്ഞളാംകുഴി അലി: പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തിയതിന് ആനുപാതികമായി സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിനും പുതിയ ബ്ലോക്കിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): വേണ്ടത്ര സൗകര്യങ്ങളൊരുക്കാതെ ആശുപത്രികളെ അപ്ഗ്രേഡ് ചെയ്ത മുൻ സർക്കാരിന്റെ നടപടിമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. താലൂക്ക്-ജില്ലാ ആശുപത്രികളിലെ തസ്തിക സൃഷ്ടിക്കലുമായി ബന്ധപ്പെട്ട ഫയലിന്മേൽ ധനകാര്യ വകുപ്പിൽ നിന്ന് തീരുമാനമുണ്ടാകുന്ന മുറയ്ക്ക് രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് പെരിന്തൽമണ്ണ ആശുപത്രിയിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതാണ്. വനിതാ ശിശുവിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കുന്നതാണ്.

(9) സാങ്കേതിക കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

ശ്രീ. വി. അബ്ദുറഹിമാൻ: താനൂർ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിനോടനുബന്ധിച്ച് പോളിടെക്നിക് സ്ഥാപനമോ സാങ്കേതിക കോഴ്സുകളോ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): താനൂരിൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിനോടനുബന്ധിച്ച് ഒരു പോളിടെക്നിക്കോ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും കോഴ്സുകളോ ആരംഭിക്കാനുള്ള സാധ്യതാ പഠനത്തിനായി ചുമതലപ്പെടുത്തിയ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പ്രാഥമിക റിപ്പോർട്ട് പ്രകാരം സ്ഥലവും കെട്ടിടവും സജ്ജമാക്കി, എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരവും ലഭിച്ചശേഷം പോളിടെക്നിക് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(10) എം.ജി.എൽ.സി. സ്കൂളുകളെ എൽ.പി. സ്കൂളുകളുകളാക്കി ഉയർത്തൽ

ശ്രീ. പി. കെ. അബ്ദു റബ്ബ്: എം.ജി.എൽ.സി. സ്കൂളുകളെ എൽ.പി. സ്കൂളുകളാക്കി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സംസ്ഥാനത്തെ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ ലോവർ പ്രൈമറി സ്കൂളുകളായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുപ്രകാരം സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള 111

ഏകാദ്ധ്യാപക വിദ്യാലയങ്ങളെ ലോവർ പ്രൈമറി സ്കൂളുകളായി ഉയർത്തിയിരുന്നു. സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത വിദ്യാലയങ്ങളെ ലോവർ പ്രൈമറി സ്കൂളുകളായി ഉയർത്തിയിട്ടില്ല. ഈ വിഷയത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും വസ്തുനിഷ്ഠമായ റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## IV റിപ്പോർട്ട് സമർപ്പണം

(1) 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2017 മാർച്ച് വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബില്ലിനെ സംബന്ധിച്ച സബജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## V അറിയിപ്പ്

പി.സി. ജോർജ്, എം.എൽ.എ.- യുടെ പരാമർശം സംബന്ധിച്ച്

മി. സ്പീക്കർ : 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, (കേരള അഡ്മിനിസ്ട്രേഷൻ ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിന്റെ പരിഗണനാ വേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പ്രസംഗം നടത്തുന്നതിനിടയിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഭരണഘടനാ പദവിയെ സംബന്ധിച്ച് ചെയറിൽനിന്നുണ്ടായ പരാമർശത്തെ വ്യാഖ്യാനിച്ചുകൊണ്ട് പി.എസ്.സി. നിയമസഭയുടെയും ഗവൺമെന്റിന്റെയും മുകളിലാണെന്ന് ചെയർ അഭിപ്രായപ്പെട്ടതായി ബഹുമാനപ്പെട്ട ശ്രീ. പി.സി. ജോർജ് പ്രസംഗ മദ്ധ്യേ ആരോപിക്കുകയുണ്ടായി. പി.എസ്.സി.-യുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ അംഗങ്ങളിൽ നിന്നും ഉയർന്നുവന്ന വേളയിൽ ഭരണഘടനാ സ്ഥാപനമായ പി.എസ്.സി. യുടെ സ്വതന്ത്ര പദവിയെക്കുറിച്ച് സൂചിപ്പിക്കുകയാണ് ചെയർ ചെയ്തത്. അതിന് തെറ്റായ വ്യാഖ്യാനങ്ങൾ നൽകി അനുചിതമായ പരാമർശങ്ങൾ നടത്തുന്നത് സഭയുടെ അന്തസ്സിന് ചേർന്ന നടപടിയല്ല; ഇക്കാര്യത്തിൽ ചെയറിനുള്ള അസന്തുഷ്ടി രേഖപ്പെടുത്തുന്നു.

## VI **നിയമനിർമ്മാണകാര്യം**

### (i) 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2017-ലെ ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## VII **ക്രമപ്രശ്നം**

### ഭരണഘടനാപരമായ വ്യവസ്ഥകൾ

ശ്രീ. വി. ഡി. സതീശൻ): ഈ ബില്ലിന്റെ ഉള്ളടക്കം ഒരു സ്റ്റേറ്റ് സബ്ജക്ടാണ്. ദേശീയ താല്പര്യമുള്ള ഒരു വിഷയമെന്നതിന്റെ അടിസ്ഥാനത്തിൽ ഈ നിയമം പാർലമെന്റ് പാസ്സാക്കിയതാണ്. കേന്ദ്ര നിയമവും സംസ്ഥാന നിയമവും തമ്മിൽ കാതലായ യാതൊരു വ്യത്യാസവുമില്ല. അത്തരം ഘട്ടങ്ങളിൽ ആർട്ടിക്കിൾ 252 (1) അനുസരിച്ച് സംസ്ഥാന നിയമസഭകൾ റെസല്യൂഷൻ അഡോപ്റ്റ് ചെയ്താൽ മാത്രം മതി. ഇൻഡ്യയിലെ മിക്ക സംസ്ഥാനങ്ങളും അങ്ങനെയാണ് ചെയ്തിരിക്കുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഇൻഡ്യൻ ഭരണഘടനയുടെ 249-ാം അനുച്ഛേദപ്രകാരം സംസ്ഥാന ലിസ്റ്റിന്റെ വിഷയത്തിൽ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമമാണിതെന്നത് ശരിയാണ്. പ്രസ്തുത ആക്ട് സംസ്ഥാനത്ത് ബാധകമാക്കിയിട്ടില്ല. മാത്രമല്ല കേന്ദ്ര നിയമത്തിൽ നിന്ന് പ്രകടമായ ചില വ്യത്യാസങ്ങൾ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ ബില്ലിൽ ചേർത്തിട്ടുമുണ്ട്. ഭരണഘടനാപരമായ തടസ്സങ്ങളൊന്നും ഇല്ലാത്തതിനാൽ ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

മി. സ്പീക്കർ : സംസ്ഥാനത്തിന്റെ സഹജമായ ചില കാര്യങ്ങൾകൂടി ഈ ബില്ലിലുൾപ്പെടുത്തണമെന്നും ഭരണഘടനാപരമായ തടസ്സങ്ങളൊന്നാം ഇല്ലെന്നും വ്യക്തമായ സാഹചര്യത്തിൽ ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ക്ലിനിക്കൽ സ്ഥാപനങ്ങളെക്കുറിച്ച് ധാരാളം പരാതികൾ ഉയർന്നുവരുന്നുണ്ട്. ഒരു നിയമ നിർമ്മാണത്തിലൂടെ ഇത്തരം സ്ഥാപനങ്ങളുടെ കൃത്യമായ കണക്കും പ്രവർത്തനരീതിയും മനസ്സിലാക്കി നിയന്ത്രണം ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. രജിസ്ട്രേഷൻ നിർബന്ധമാക്കുന്ന തോടുകൂടി ക്ലിനിക്കൽ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താനും ഇത്തരം സ്ഥാപനങ്ങളുടെമേൽ ഗവൺമെന്റിന് നിയന്ത്രണം ഏർപ്പെടുത്താനും സാധിക്കും. സ്വകാര്യ ആശുപത്രികൾ ചികിത്സാച്ചെലവ് പ്രദർശിപ്പിക്കണമെന്ന നിബന്ധന വയ്ക്കുന്നതിനും ഗവൺമെന്റ് നിർദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങളില്ലാത്ത സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പിൻവലിക്കുന്നതിനും ആരോഗ്യമേഖലയെ ജനകീയമാക്കുന്നതിനും ആശുപത്രികളെ രോഗീസൗഹൃദമാക്കുന്നതിനും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട പരിശോധനയും ചികിത്സയും ഉറപ്പുവരുത്തുന്നതിനും ബിൽ സഹായകമാകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ 31.08.2017 വരെ പൊതുജനാഭിപ്രായം

ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പൊതുവായ സ്റ്റാൻഡേർഡ് നിശ്ചയിക്കണം. ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സംസ്ഥാന കൗൺസിലിൽ ജനപ്രതിനിധികളുടെയും ആരോഗ്യരംഗത്ത് പ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന ഫിസിയോതെറാപ്പിസ്റ്റുകളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്തണം. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ഇനം തിരിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള പ്രൊവിഷൻ ബില്ലിൽ ഉൾപ്പെടുത്തുന്നതിനും ആരോഗ്യ സംരക്ഷണനിലവാരം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. കിടക്കകളുടെ അടിസ്ഥാനത്തിൽ ആശുപത്രികളെ തരം തിരിക്കുകയും രോഗീസൗഹൃദമാക്കുകയും ചെയ്യണം. ആരോഗ്യവകുപ്പുമന്ത്രിയെ അദ്ധ്യക്ഷയാക്കി നിർവ്വാഹകസമിതി പുനഃസംഘടിപ്പിക്കണം. ഗവൺമെന്റ് നിശ്ചയിക്കുന്ന ഗുണനിലവാരം ഉറപ്പുവരുത്താത്ത സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിനുള്ള അധികാരം നിയമത്തിലൂടെ ഉറപ്പുവരുത്തണം. താല്ക്കാലിക രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ആക്ടിലുള്ള വൈരുദ്ധ്യം ഒഴിവാക്കേണ്ടതാണ്. അപേക്ഷ നൽകി 30 ദിവസത്തിനകം അംഗീകാരം ലഭിച്ചില്ലെങ്കിൽ രജിസ്ട്രേഷൻ ലഭിച്ചതായി കണക്കാക്കാമെന്നുള്ള വ്യവസ്ഥ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ളതിനാൽ ഒഴിവാക്കേണ്ടതാണ്.

രജിസ്ട്രേഷൻ പുതുക്കുമ്പോൾ സ്ഥാപനത്തിന് നിശ്ചിത യോഗ്യതയുണ്ടോയെന്ന് പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തണം. സ്ഥാപനങ്ങളുടെ ഗ്രേഡിംഗ് അനുസരിച്ച് പിഴ ഈടാക്കുന്ന കാര്യം സംബന്ധിച്ച് ആലോചിക്കണം. സ്വകാര്യ സ്ഥാപനങ്ങളെ സഹായിക്കാൻ ഗവൺമെന്റ് ആശുപത്രികളിലെ അൾട്രാ മോഡേൺ മെഷീനുകൾ ജീവനക്കാർതന്നെ കേടാക്കുന്നതായുള്ള പരാതികൾ അന്വേഷണ വിധേയമാക്കേണ്ടതാണ്. പോസ്റ്റ്മോർട്ടം വ്യവസ്ഥകളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുകയും കാലതാമസം ഒഴിവാക്കാനായി ആവശ്യമായ ഫോറൻസിക് ഡോക്ടർമാരെ നിയമിക്കുകയും വേണം.

ശ്രീ. ആർ. രാജേഷ്: 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആരോഗ്യ മേഖലയുടെ സംരക്ഷണത്തിനായി ബിൽ കൊണ്ടുവന്ന സർക്കാർ നടപടി അഭിനന്ദനാർഹമാണ്. ബില്ലിലെ 'ക്ലിനിക്കൽ സ്ഥാപനം' എന്ന നിർവ്വചനത്തിൽ ഫിസിയോതെറാപ്പി സെന്ററുകളെക്കൂടി ഉൾപ്പെടുത്തണം. ഫലപ്രദമായ മാലിന്യനിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്താത്ത സ്വകാര്യ ആശുപത്രികൾക്കെതിരെ കർശന നടപടി സ്വീകരിക്കണം. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷന് നിശ്ചിത സമയം

ബില്ലിൽ വ്യവസ്ഥ ചെയ്യണം. രജിസ്റ്റർ ചെയ്യാത്ത ക്ലിനിക്കൽ സ്ഥാപനത്തിന്റെ പിഴശിക്ഷയുടെ തുക തീരുമാനിക്കുന്നതിന് പ്രാദേശികാവസ്ഥ കണക്കിലെടുക്കണമെന്ന വ്യവസ്ഥ പിൻവലിക്കണം. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനു വേണ്ടി രൂപീകരിക്കുന്ന ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല അതോറിറ്റി നിശ്ചിത ഇടവേളകളിൽ യോഗം കൂടിയിരിക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യണം. രോഗികളെ ചികിത്സിക്കുന്ന എല്ലാവരെയും ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം. ഒരു രോഗത്തിനുപയോഗിക്കുന്ന മരുന്നുകൾ മറ്റ് രോഗങ്ങൾക്ക് കാരണമാകുന്നുവെന്നത് പരിശോധിക്കപ്പെടേണ്ടതാണ്. രോഗികളുടെ അറിവോ സമ്മതമോ കൂടാതെ മരുന്നുപരീക്ഷണങ്ങൾ നടത്തുന്നത് നിയമ വിരുദ്ധമാണ്. ക്ലിനിക്കുകളെ താരിഫ് നിർണ്ണയത്തിന്റെ പരിധിയിൽ കൊണ്ടു വരുമ്പോൾ ഓൺലൈൻ വഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിനുകൂടി ബില്ലിൽ വ്യവസ്ഥ ചെയ്യണം. സർക്കാർ ആശുപത്രികളിലെ ലാബുകളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കണം. ലാബുകൾ ക്വാളിറ്റി അനുസരിച്ച് കാറ്റഗറൈസ് ചെയ്യുന്നതിനായി ഒരു അതോറിറ്റി ബില്ലിന്റെ ഭാഗമായി കൊണ്ടുവരണം. ഹൃദയ ശസ്ത്രക്രിയകൾ നടത്തി ഘടിപ്പിക്കുന്ന ഉപകരണങ്ങളുടെ ഗുണനിലവാരവും വിലയും ബന്ധപ്പെട്ടവരെ അറിയിക്കാനുള്ള സംവിധാനമുണ്ടാകണം. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് കൃത്യമായ റേറ്റ് നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥ കൂടി ബില്ലിൽ ഉൾപ്പെടുത്തണം.

ആരോഗ്യമേഖലയിൽ കൂടുതൽ ഡ്രഗ് ഇൻസ്പെക്ടർമാരെ നിയമിക്കണം. കേന്ദ്ര ഗവൺമെന്റ് ആരോഗ്യമേഖലയെ സ്വകാര്യവത്കരിക്കുന്ന നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരമൊരു വിപ്ലവകരമായ ബിൽ അവതരിപ്പിച്ച ആരോഗ്യ വകുപ്പുമന്ത്രിയെയും സർക്കാരിനെയും അഭിനന്ദിക്കുന്നു.

ശ്രീ. പി.ടി തോമസിനുവേണ്ടി (<u>ശ്രീ. വി.ഡി. സതീശൻ</u>): ഇത്തരമൊരു ബിൽ കൊണ്ടുവരാൻ തയ്യാറായ ബഹുമാനപ്പെട്ട മന്ത്രിയെയും ഗവൺമെന്റിനെയും അഭിനന്ദിക്കുന്നു. ഈ നിയമം യാഥാർത്ഥ്യമാകുന്നതോടുകൂടി സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്ന എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളെയും പ്രസ്തുത നിയമത്തിൻ കീഴിൽ കൊണ്ടുവരാനും ഡാറ്റ ശേഖരിക്കാനും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും വിശദവിവരം ഏത് അതോറിറ്റിക്കും എപ്പോൾ വേണമെങ്കിലും പരിശോധിക്കാനും വ്യാജ വൈദ്യവും പ്രാക്ടീസിലെ ക്വാളിറ്റി ഇല്ലായ്മയും പൂർണ്ണമായി നിയന്ത്രിക്കാനും സാധിക്കും. എമർജൻസി കേസുകൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ളത് നിയമത്തിൽ പരാമർശിക്കുന്നുണ്ട്. ഡിജിറ്റൽ ഹെൽത്ത് റിക്കോർഡ്സ് ഉറപ്പുവരുത്താൻ സാധിക്കുമെന്നതാണ് ഈ നിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. രോഗികളെ അനാവശ്യ ടെസ്റ്റുകളുടെ പേരിൽ ചൂഷണം ചെയ്യുന്നതും അമിതവില ഈടാക്കി ഐ.സി.യൂണിറ്റിൽ കിടക്കുന്ന രോഗികൾക്കായി വാങ്ങുന്ന

മരുന്നുകൾ തിരിച്ച് ഫാർമസികളിലെത്തിക്കുന്ന സ്ഥിതിവിശേഷവും അവസാനിപ്പിക്കണം. വൻകിട ആശുപത്രികൾക്ക് വേണ്ടി തട്ടിപ്പ് സോഫ്റ്റ് വെയർ തയ്യാറാക്കുന്ന മാഫിയകൾക്കെതിരെ നടപടി സ്വീകരിക്കുന്നതോടൊപ്പം വിദഗ്ധ ഡോക്ടർമാരെ പാരിതോഷികങ്ങൾ നൽകി പഞ്ചനക്ഷത്ര ആശുപത്രികൾ വിലക്കെടുക്കുന്നതും നിയന്ത്രിക്കേണ്ടതാണ്. രോഗികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ആശുപത്രികളിൽ മെഡിക്കൽ റിപ്പോർട്ടിംഗ് നടപ്പാക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നതോടൊപ്പം ഐ.സി.യു-വിൽ പ്രവേശിപ്പിക്കപ്പെടുന്ന രോഗിക്ക് ഒരു ബൈസ്റ്റാന്ററെ ഏർപ്പാടാക്കുന്നതിനുള്ള വ്യവസ്ഥയും ക്ലിനിക്കൽ പ്രോട്ടോക്കോൾ അനുസരിച്ച് ചികിത്സ നടത്തിയതിന്റെ രേഖകൾ ആശുപത്രികളിൽ ലഭ്യമാകണമെന്നുള്ളതും ബില്ലിൽ ഉൾപ്പെടുത്തണം. വ്യാജ മരുന്നുകൾ സംസ്ഥാനത്ത് സുലഭമായതിനാൽ പ്രധാനപ്പെട്ട എല്ലാ ആശുപത്രികളുടെയും ഫാർമസികളിലെ മരുന്നുകൾ പരിശോധിക്കപ്പെടേണ്ടതാണ്. രോഗപ്രതിരോധത്തിനും ആരോഗ്യ വിദ്യാഭ്യാസത്തിനും ഊന്നൽ നൽകിക്കൊണ്ട് വരുംതലമുറയെ ജീവിതശൈലീ രോഗങ്ങളിൽ നിന്ന് രക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ വിദ്യാലയങ്ങളിൽ നിന്ന് ആരംഭിക്കേണ്ടതാണ്. നിയമ ലംഘനത്തിനുള്ള പിഴയുടെ പരിധി നിശ്ചയിക്കുന്നതിന് ബില്ലിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡം അതേപടി നിലനിർത്തേണ്ടത് അനിവാര്യമാണ്. സ്വകാര്യമേഖലയുടെ ചൂഷണത്തിൽനിന്നും

ജനങ്ങളെ രക്ഷിക്കുന്നതിനും അവരിൽ ആത്മവിശ്വാസം വളർത്തുന്നതിനും സർക്കാർ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കണം. ഫിസിയോതെറാപ്പിസ്റ്റുകളെ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം. പ്രാദേശിക-സർക്കാർ ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അസറ്റ് ഡെവലപ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് ധനകാര്യ-ആരോഗ്യ വകുപ്പുകൾ സംയുക്തമായി തീരുമാനമെടുക്കണം. ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ് അനുസരിച്ച് കൺസൾട്ടിംഗിനും ലാബ് ടെസ്റ്റിംഗിനും റേറ്റ് ഫിക്സ് ചെയ്യുന്ന കാര്യം പരിശോധിക്കണം.

ശ്രീമതി ഗീതാ ഗോപിക്കുവേണ്ടി (ശ്രീ. ഇ. കെ. വിജയൻ): കേരളത്തിന്റെ ചികിത്സാ രംഗത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ആതുര സേവനം എന്നതിലുപരി കൊള്ള ലാഭം കൊയ്യുന്ന വ്യവസായ സ്ഥാപനങ്ങളായി കേരളത്തിലെ ആയുർവേദ-അലോപ്പതി-ഹോമിയോ ആശുപത്രികൾ മാറിയിരിക്കുന്നു. മരുന്നുകമ്പനികളുടെ ചൂഷണം അവസാനിപ്പിക്കാനും ഫിസിയോ തെറാപ്പിസ്റ്റുകളെ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരാനും നടപടി സ്വീകരിക്കണം. കച്ചവടവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ആരോഗ്യ മേഖലയിൽ ആർദ്രം പദ്ധതിയിലൂടെ മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മരുന്നിന്റെ ക്വാളിറ്റി പരിശോധിക്കാൻ സംവിധാനമുണ്ടാകണം.

ഫാർമസിസ്റ്റുകളില്ലാതെ സ്വകാര്യ ഫാർമസികൾ പ്രവർത്തിക്കാൻ അനുവദിക്കരുത്. ആർ.എസ്.ബി.വൈ. പദ്ധതിയുടെ ആനുകൂല്യം രോഗികൾക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കണം. കാലതാമസം ഒഴിവാക്കിയും കുറ്റമറ്റ രീതിയിലും ക്ലിനിക്കുകളിലെ പരിശോധനാഫലം തത്സമയം ജില്ലാ കേന്ദ്രങ്ങളിലെ സെർവ്വറിലേയ്ക്ക് ലഭ്യമാകുന്ന സംവിധാനം ഏർപ്പെടുത്തണം. ഹൃദ്രോഗികൾക്കുള്ള സ്റ്റെന്റ് സംസ്ഥാനത്തുതന്നെ നിർമ്മിച്ച് നൽകണം. ആർദ്രം പദ്ധതി കാര്യക്ഷമമായി നടപ്പാക്കണം. ചികിത്സാ രംഗത്തെ വ്യാജൻമാരെ നിയന്ത്രിക്കണം. കാലഹരണപ്പെട്ട മരുന്നുകളുടെ വിൽപ്പന തടയണം. മൊത്തത്തിൽ സംസ്ഥാനത്തെ ആരോഗ്യ രംഗം മെച്ചപ്പെടുത്തുവാനുതകുന്ന ഈ ബിൽ പാസ്സാക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആരോഗ്യ മേഖലയിൽ ഗുണപരമായി വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിയുന്ന ഒരു ബില്ലാണിത്. ഈ മേഖലയ്ക്കായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നീക്കിവയ്ക്കുന്ന തുക വർദ്ധിപ്പിക്കേണ്ടതുണ്ട്. വിപുലമായ പൊതുജനാരോഗ്യ ശൃംഖലയെ അവഗണിച്ച് ആളുകൾ ചികിത്സയ്ക്കായി സ്വകാര്യ മേഖലയെ ആശ്രയിക്കുന്ന പ്രവണത മാറണം. വൻകിട കച്ചവടക്കാരുടെ പ്രധാന കച്ചവട മേഖലകളിലൊന്നാണ് ആരോഗ്യ മേഖല. നിരോധിച്ച മരുന്നുകൾ മാർക്കറ്റിൽ വിൽപ്പന നടത്തുകയും കോർപ്പറേറ്റ് ആശുപത്രികൾ രോഗികളെ

കൊള്ളയടിക്കുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. ആരോഗ്യമേഖലയെ പതനത്തിൽ നിന്നും കരകയറ്റുന്നതിന് ഈ സ്ഥാപനങ്ങളുടെമേൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. രജിസ്ട്രേഷൻ ലഭിക്കുന്ന സ്ഥാപനങ്ങൾ മാത്രമേ പ്രവർത്തിക്കുകയുള്ളൂ എന്ന സ്ഥിതിയുണ്ടാകണം. അപേക്ഷ ലഭിച്ചാൽ 30 ദിവസത്തിനുള്ളിൽ ഒരു വർഷത്തെ കാലാവധിയുള്ള താൽക്കാലിക രജിസ്ട്രേഷൻ നൽകാൻ സാധിക്കും. രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കുന്ന സ്ഥാപനത്തിന് മിനിമം സ്റ്റാൻഡേർഡ് ഉണ്ടായിരിക്കണം. രണ്ടുവർഷത്തിനുള്ളിൽ എസ്സെൻഷ്യൽ സ്റ്റാൻഡേർഡ് നേടിയെടുക്കാൻ സാധിച്ചില്ലെങ്കിൽ തുടർന്ന് പ്രവർത്തിക്കാൻ കഴിയില്ല. ഇലക്ട്രോണിക് സംവിധാനത്തിലൂടെ രജിസ്ട്രേഷൻ നടത്തുന്നതിനാൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ സാധിക്കും. സർക്കാർ ആശുപത്രികൾ രജിസ്ട്രേഷൻ പരിധിയിൽ വരുന്നതിനാൽ സ്റ്റാഫ് പാറ്റേൺ പുന:പരിശോധിക്കേണ്ടതുണ്ട്. 941 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്താൻ എം.എൽ.എ.മാരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നാട്ടുകാരുടെയും സഹായമാവശ്യമാണ്. സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്ന കാര്യം ബില്ലിൽ പരാമർശിച്ചിട്ടുണ്ട്. സേവനങ്ങൾക്ക് ഫീസ് നിശ്ചയിക്കാനുള്ള മാനദണ്ഡവും സ്വകാര്യ പ്രാക്ടീസ് നിയന്ത്രണവും വിശദമായ

ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ആരോഗ്യമേഖലയിൽ വിപ്ലവകരമായ മാറ്റമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ആർദ്രം പദ്ധതി ആരംഭിച്ചിട്ടുള്ളത്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ യോഗ സെന്റർ ആരംഭിക്കുന്നതിനും ആർദ്രം പദ്ധതിയുടെ ഭാഗമായി ജനങ്ങളുടെ ഭക്ഷണക്രമവും വ്യായാമവും നിശ്ചയിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. മികച്ച നിലവാരത്തിൽ പ്രവർത്തിക്കുന്ന പുനലൂർ താലൂക്ക് ആശുപത്രിയുടെ മാതൃകയിൽ താലൂക്ക് ആശുപത്രികൾ ഉയരണം. ആർദ്രം പദ്ധതി പ്രായോഗികതലത്തിലെത്തിക്കാൻ എല്ലാവരുടെയും പിന്തുണയുണ്ടാകണം. 'ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇൻ ആയുർവേദ' എന്ന സ്ഥാപനം ആരംഭിക്കുന്നതിനും ആയുർവേദ ജില്ലാ ആശുപത്രികളെ സ്പെഷ്യാലിറ്റി ആശുപത്രികളാക്കി ഉയർത്തുന്നതിനും ഹോമിയോ, സിദ്ധ, യുനാനി തുടങ്ങിയ ചികിത്സാസംവിധാനങ്ങൾ മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കുന്നതാണ്. രജിസ്ട്രേഷന് വിധേയമാകുമ്പോൾ സർക്കാർ ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിന് ഇ-ഹെൽത്ത് പദ്ധതിയും ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും വേഗത്തിൽ നടപ്പാക്കേണ്ടതുണ്ട്. ആധുനിക ഉപകരണങ്ങൾ മെഡിക്കൽ കോളേജുകൾക്കടക്കം ലഭ്യമാക്കുന്നതിനും കേടാകുന്ന മെഷീനുകൾ വേഗത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ അനുസരിക്കാത്ത സ്വകാര്യ ആശുപത്രികളുടെ സമീപനത്തിൽ മാറ്റം

വരുത്താൻ ഈ ബില്ലിലൂടെ കഴിയും. ചർച്ചയിലുണ്ടായ സമവായത്തിന്റെ അടിസ്ഥാനത്തിൽ ഈ ബിൽ പാസ്സാക്കുന്നതിനായി സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 2 ബി ഭേദഗതി അംഗീകരിക്കുന്നു.

1 (എ) ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 2 ബി ഭേദഗതി സഭ അംഗീകരിച്ചു.

2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(iii) <u>2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ</u>

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>): 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>): 2017-ലെ കേരള സമുദ്ര മത്സ്യബന്ധന

നിയന്ത്രണ (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: ശാസ്ത്രീയാടിസ്ഥാനത്തിൽ മത്സ്യബന്ധനം നിയന്ത്രിക്കുകയും മത്സ്യസമ്പത്ത് സംരക്ഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് 1980-ലെ നിയമത്തിൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. യന്ത്രവൽകൃത ബോട്ടുകളുടെയും മോട്ടോർ ഘടിപ്പിച്ച വള്ളങ്ങളുടെയും എണ്ണത്തിലും ശേഷിയിലുമുണ്ടായ വർദ്ധനവ് കടലിൽ മത്സ്യബന്ധന സമ്മർദ്ദം ക്രമാതീതമായി വർദ്ധിക്കുന്നതിനും മത്സ്യോല്പാദനം കുറയുന്നതിനും അതിലൂടെ കടലിന്റെ ആവാസ വ്യവസ്ഥയെ തകിടം മറിക്കുന്നതിനും കാരണമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ യന്ത്രവത്കൃത യാനങ്ങളുടെയും വലകളുടെയും ഉപയോഗത്തിലുള്ള നിയന്ത്രണത്തിനായാണ് നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്നത്. നിലവിലുള്ളതിന്റെ പകുതിയിൽ താഴെ യാനങ്ങൾ മാത്രമേ പാടുള്ളൂ എന്നാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. മത്സ്യബന്ധന മേഖലയുടെ നിലനിൽപ്പിന് ഭീഷണിയുണ്ടായ സാഹചര്യത്തിൽ കടൽ ആവാസ വ്യവസ്ഥയെ

സംരക്ഷിക്കുന്നതിനും മത്സ്യവിഭവ സംരക്ഷണത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും നിയമത്തിൽ കാലോചിതമായ പരിഷ്കാരം ആവശ്യമാണ്. മത്സ്യബന്ധന യാനങ്ങളുടെ വലിപ്പവും എണ്ണവും ശേഷിയും മത്സ്യബന്ധന വലകളുടെ ഉല്പാദനവും വിപണനവും നിയന്ത്രിക്കുന്നതിലൂടെ മാത്രമേ മത്സ്യവിഭവ സംരക്ഷണവും സുസ്ഥിര മത്സ്യോല്പാദനവും ഉറപ്പുവരുത്താൻ സാധിക്കൂ. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു പരിധിവരെ ചെറു മത്സ്യങ്ങളെ പിടിക്കുന്നതിൽ നിയന്ത്രണമേർപ്പെടുത്താൻ സാധിച്ചെങ്കിലും മത്സ്യോല്പാദത്തിൽ കാര്യമായ വർദ്ധനവുണ്ടാക്കാനായിട്ടില്ല. കേരളത്തിലെ ബോട്ട് യാർഡുകൾക്കും നെറ്റ് പ്രൊഡക്ഷൻ യൂണിറ്റുകൾക്കും രജിസ്ട്രേഷൻ ഇല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇക്കാര്യങ്ങളിൽ ശാസ്ത്രീയമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക എന്നതാണ് ഗവൺമെന്റ് ഭേദഗതികൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. 1980-ലെ നിയമത്തിൽ നാല് അധ്യായങ്ങളിലായി ഒൻപതോളം വകുപ്പുകളിലാണ് ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. മത്സ്യസമ്പത്തിനെ സംരക്ഷിക്കുക, മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള ഭേദഗതികളാണിത്.

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി (ശ്രീ. എൻ.എ. നെല്ലിക്കുന്ന്): 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.10.2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് ട്രോളിംഗ് കാലത്ത് ധനസഹായം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കണം. ഫിഷറീസ് വകുപ്പ് ഇവർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണം. വീട് നൽകുന്ന പദ്ധതിയിൽ നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതി അവസാനിപ്പിക്കണം. ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിക്കണം. 99 ശതമാനം നിർമ്മാണം പൂർത്തിയായ കാസർഗോഡ് മത്സ്യബന്ധന തുറമുഖം പ്രവർത്തനക്ഷമമാക്കണം. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നൂതന പദ്ധതികളും പരിഷ്കാരങ്ങളും നടപ്പാക്കണം. മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ അപ്പീൽ പോകുന്നതിനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തുകയും ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളിൽ എം.എൽ.എ.-മാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുകയും ചെയ്യണം. സമയബന്ധിതമായി രജിസ്ട്രേഷൻ നടത്താത്ത മത്സ്യത്തൊഴിലാളികളിൽനിന്നും വൻതുക പിഴ ഈടാക്കുന്ന നടപടി പുനഃപരിശോധിക്കുന്നതിനും രജിസ്ട്രേഷന് കൂടുതൽ സമയം അനുവദിക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. എ. പി. അനിൽ കുമാറിനുവേണ്ടി (ശ്രീ. ഹൈബി ഈഡൻ): 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബോട്ട് നിർമ്മാണ യാർഡുകൾക്ക് രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള ഗൈഡ്‌ലൈൻ കൊണ്ടുവരുന്നതിനെ സ്വാഗതം ചെയ്യുന്നു. മത്സ്യബന്ധന വല നിർമ്മാണ യൂണിറ്റുകൾക്ക് രജിസ്ട്രേഷനും നിയന്ത്രണവും ഏർപ്പെടുത്തുന്നത് ഈ മേഖലയിൽ വളരെയധികം മാറ്റങ്ങളുണ്ടാക്കും. ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലിന്റെ കാലാവധിയെക്കുറിച്ചും മീറ്റിംഗ് കൂടേണ്ട സമയത്തെക്കുറിച്ചും അധികാരപരിധിയെക്കുറിച്ചും ബില്ലിൽ പരാമർശിച്ചിട്ടില്ല. പ്രസ്തുത കൗൺസിലിൽ മത്സ്യത്തൊഴിലാളി പ്രാതിനിധ്യം വർദ്ധിപ്പിക്കണം. മത്സ്യബന്ധന മേഖലയിൽ ചുമത്തിയിരിക്കുന്ന ജി.എസ്.ടി. ഒഴിവാക്കുന്നതിന് സമ്മർദ്ദം ചെലുത്തണം. മത്സ്യമേഖലയിലെ അനുബന്ധതൊഴിലാളികളെ ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. ഡിസ്ട്രിക്ട് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ എൻ.ജി.ഒ. പ്രാതിനിധ്യം ഒഴിവാക്കണമെന്നും സ്റ്റേറ്റ് ലെവൽ ഫിഷറീസ് കമ്മിറ്റിയിലെ മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയൻ പ്രതിനിധികളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): ഡിസ്ട്രിക്ട് ഫിഷറീസ് മാനേജ്മെന്റ്

കൗൺസിലിൽ എൻ.ജി.ഒ.-കളെ ഉൾപ്പെടുത്താനുദ്ദേശിക്കുന്നില്ല. ട്രേഡ് യൂണിയൻ പ്രതിനിധികളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളിൽ എം.എൽ.എ.-മാരെ ഉൾപ്പെടുത്തുന്ന വിഷയവും സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തു തീരുമാനിക്കാം. മത്സ്യത്തൊഴിലാളി സമാശ്വാസ പദ്ധതിയിൽ 3500/- രൂപ നൽകിയിട്ടുണ്ട്. പൂർത്തിയാകാത്ത വീടുകളുടെ നിർമ്മാണം ലൈഫ് പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിക്കുന്നതാണ്. കടൽത്തീരത്തിന്റെ 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന മുഴുവൻ മത്സ്യത്തൊഴിലാളികളെയും പുനരധിവസിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ജില്ലാ കളക്ടർ അപ്പീൽ അതോറിറ്റിയായിട്ടുള്ള സെക്ഷനിൽ മാറ്റം വരുത്തുന്നില്ല. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് മാർക്കറ്റുമായി ബന്ധപ്പെട്ട പുതിയൊരു നിയമം അടുത്ത സഭാ സമ്മേളനത്തിൽ കൊണ്ടുവരാനുദ്ദേശിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ  സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം  4.13-ന് പിരിഞ്ഞു.

*******